# Desabhimani
# 21 August 2018
# Kochi; National development Broad will Provide ‘2 Crore

## ദേശീയ ക്ഷീരവികസന ബോർഡ് 2 കോടി രൂപ നൽകും

**കൊച്ചി**

പ്രളയ ദുരിതാശ്വാസത്തിനായി ദേശീയ ക്ഷീരവികസന ബോർഡും (എൻഡിഡിബി) കേരള സർക്കാരും ക്ഷീരസമിതികളും സഹകരിക്കുന്നു. ഏകദേശം 2 കോടി രൂപ വില വരുന്ന അവശ്യവസ്തുക്കളാണ് എൻഡിഡിബി യുടെ സഹായമായി കേരളത്തിന് നൽകുക.

ഒരു ലക്ഷം സ്റ്ററൈൽ പാൽ പായ്ക്കറ്റുകൾ കൈമാറുമെന്നും ഇത് തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഞായറാഴ്ച രാവിലെ ലഭ്യമാക്കുമെന്നും മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ എൻഡിഡിബി ചെയർമാൻ ദിലീപ് രഥ് അറിയിച്ചു. തിളപ്പിക്കാതെ നേരിട്ട് ഉപയോഗിക്കത്തക്ക വിധത്തിലുള്ള 180 മില്ലി (3 .5 % കൊഴുപ്പ്, 8 .5 % എസ്എൻഎഫ്) പാൽ പാക്കറ്റുകളാണ് ലഭ്യമാക്കുന്നത്. വരും ദിവസങ്ങളിൽ 10 ലക്ഷം പാക്കറ്റുകൾ ദുരിതാശ്വാസക്യാമ്പുകളിൽ എത്തിച്ചു കൊടുക്കുമെന്നും ചെയർമാൻ അറിയിച്ചു. മംഗലാപുരത്ത് സ്ഥിതിചെയ്യുന്ന ദക്ഷിണ കന്നഡ ക്ഷീര സംഘമാണ് ഈ പാൽ പാക്കറ്റുകൾ തയ്യാറാക്കുന്നത്.

കാലാവർഷക്കെടുതിയെത്തുടർന്നു ക്ഷീരകർഷകർ നേരിടുന്ന കാലിത്തീറ്റയുടെ ക്ഷാമവും പാൽ ഉൽപ്പാദനത്തിലെ കുറവും കണക്കിലെടുത്ത് എൻഡിഡിബി 500 മെട്രിക് ടൺ കാലിത്തീറ്റ സഹായമായി നൽകും. ആദ്യ ഗഡുവായ 46 മെട്രിക് ടൺ കാലിത്തീറ്റ വയനാട് ജില്ലയിൽ വിതരണത്തിനായി എത്തിച്ചേർന്നിട്ടുണ്ട്. എൻഡിഡിബിയുടെ കീഴിൽ വരുന്ന ഇന്ത്യൻ ഇമ്യൂണോളജിക്കൽ ലിമിറ്റഡ് വഴി 5 ലക്ഷം രൂപ വിലവരുന്ന വെറ്ററിനറി മരുന്നുകൾ ലഭ്യമാക്കും. അവശ്യവസ്തുക്കൾ ലഭ്യമാക്കാനുള്ള ഗതാഗത സൗകര്യങ്ങൾക്കായി മുഖ്യമന്ത്രിയുടെ സഹായം ചെയർമാൻ ആവശ്യപ്പെട്ടു.